# നെഹമ്യാവിന്റെ നേതൃഗുണങ്ങൾ

സാക് പുന്നൻ

WFTW 01 മാർച്ച് 2015

നെഹമ്യാവ് 1:1-3ൽ നാം കാണുന്നത് പ്രവാസത്തിൽ നിന്നും മടങ്ങി വന്ന യഹൂദരുടെയും യെരുശലേമിന്റെയും അവസ്ഥ അന്വേഷിച്ച് അറിയാൻ താൽപര്യമുള്ളവനായിരുന്നു നെഹമ്യാവ് എന്നാണ്. ഇതാണ് ദൈവം ഉപയോഗിക്കുന്ന ഒരു മനുഷ്യന്റെ പ്രാഥമിക സ്വഭാവ വിശേഷം - അയാൾക്ക് ആളുകളെക്കുറിച്ച് ഒരു കരുതൽ ഉണ്ട്. പിന്നെയോ ദൈവം അയാൾക്ക് ഒരു ഭാരം നൽകുന്നു. നിങ്ങൾക്കു കർത്താവിനെ സേവിക്കണമെങ്കിൽ മറ്റുള്ളവരെക്കുറിച്ച് ഒരു കരുതലുള്ളവനായി തുടങ്ങുക. മറ്റുള്ളവർക്കായി കരുതലില്ലാത്ത ഒരു മനുഷ്യനെ ദൈവം ഒരിക്കലും ഉപയോഗിക്കുകയില്ല. നെഹമ്യാവ് ഹനാനിയോട് ചോദിച്ചു 'അവിടെ കാര്യങ്ങൾ എങ്ങനെ പോകുന്നു?' അപ്പോൾ ഹനാനി അദ്ദേഹത്തോട്, 'മതിലുകൾ ഇടിഞ്ഞും അതിന്റെ വാതിലുകൾ അഗ്നിക്കിരയായും കിടക്കുന്നു' എന്നു പറഞ്ഞു. അദ്ദേഹം ഈ വാർത്ത കേട്ടപ്പോൾ അനേക ദിവസങ്ങൾ കരഞ്ഞും ദുഃഖിച്ചും ഇരുന്നു. കൂടാതെ അദ്ദേഹം ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ഈ വിധത്തിലുള്ള മനുഷ്യരെയാണ് ദൈവം ഈ നാളുകളിലേക്ക് അന്വേഷിക്കുന്നത് - ദൈവസഭയുടെ അവസ്ഥ കാണുമ്പോൾ അതിനുവേണ്ടി ഒരു താൽപര്യവും ഭാരവും ഉള്ള ഒരാളിനെ.

നെഹെമ്യാവ് പഴയ ഉടമ്പടിക്കു കീഴിലാണ് ജീവിച്ചിരുന്നത്. നമുക്കുള്ളതുപോലെ ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവ് അദ്ദേഹത്തിന് ഇല്ലായിരുന്നു. അദ്ദേഹത്തിന് ഒരു സമ്പൂർണ്ണ വേദപുസ്തകം ഉണ്ടായിരുന്നില്ല. ഇന്നു നമുക്കു ധാരാളമായി ലഭിക്കുന്നതുപോലെ സഭാ കൂട്ടായ്മയോ, പുസ്തകങ്ങളോ, ടേപ്പുകളോ, കോൺഫ്രൻസുകളോ ഒന്നും അദ്ദേഹത്തിനുണ്ടായിരുന്നില്ല. അദ്ദേഹത്തിന് ക്രൂശിനെക്കുറിച്ച് ഒന്നും അറിയില്ലായിരുന്നു. എന്നിട്ടും അദ്ദേഹത്തിന് അത്ര വലിയ ഒരു ഭാരമുണ്ടായിരുന്നു. അദ്ദേഹം ഒരു 'പൂർണ്ണസമയം പ്രവർത്തകൻ'' ആയിരുന്നില്ല. അദ്ദേഹം ഐഹികമായ ഒരു ജോലി ഉള്ള ഒരാളായിരുന്നു. അദ്ദേഹം തനിക്കു തന്നെ ചെലവിന് അന്വേഷിക്കുകയും കർത്താവിനെ സേവിക്കുകയും ചെയ്തു. ഒട്ടും സ്വാർത്ഥത ഇല്ലാതെ ഒരു മനുഷ്യന്റെ മഹത്തായ ഉദാഹരണമായിരുന്നു നെഹെമ്യാവ്. അദ്ദേഹത്തിന്റെ മാതൃക അനുകരിക്കാൻ വെല്ലുവിളിക്കപ്പെടാൻ നമുക്കു കഴിഞ്ഞാൽ, നമ്മുടെ ജീവിതംകൊണ്ടും ദൈവത്തിന് പല കാര്യങ്ങൾ ചെയ്യാൻ കഴിയും.

രാജാവിന്റെ സന്നിധിയിൽ നെഹെമ്യാവ് ഒരിക്കലും ദുഃഖിതനായിരുന്നിട്ടില്ല (നെഹ. 2:1). അദ്ദേഹം മ്ലാനവദനനായ ഒരു വ്യക്തിയല്ലായിരുന്നു. രാജാവ് അദ്ദേഹത്തെ എപ്പോഴും സന്തുഷ്ടനായാണ് കണ്ടിട്ടുള്ളത്. എന്നാൽ ഇപ്പോൾ അദ്ദേഹം ദുഃഖിതനായിരിക്കുന്നു. എന്നാൽ തന്നെക്കുറിച്ചോ തന്റെ കുടുംബത്തെക്കുറിച്ചോ ആയിരുന്നില്ല അദ്ദേഹം ദുഃഖിച്ചിരുന്നത്. അദ്ദേഹം ദുഃഖിതനായിരുന്നത് യെരുശലേം അത്ര താറുമാറായി കിടന്നതിനാലാണ്. ഓ, ഇന്ന് ഇതുപോലെയുള്ള കൂടുതൽ ആളുകൾ സഭയിൽ ഉണ്ടായിരുന്നെങ്കിൽ!

നെഹെമ്യാവ് യെരുശലേമിലേക്കു പോയി, മറ്റെങ്ങും പോകാതെ മൂന്നു ദിവസം അവിടെ തന്നെ താമസിച്ചു - ഉപവാസത്തിലും പ്രാർത്ഥനയിലും ദിവസങ്ങൾ കഴിച്ചിരിക്കാം (നെഹെ. 2:11). അതിനുശേഷം രാത്രിയിൽ എഴുന്നേറ്റ് ചില ആൾക്കാരുമായി പുറപ്പെട്ടു. ദൈവം തന്റെ ഹൃദയത്തിൽ നൽകിയ ചിന്തകൾ അദ്ദേഹം ആരോടും പറഞ്ഞില്ല. കാരണം അദ്ദേഹത്തെ തടസ്സപ്പെടുത്താൻ ശ്രമിക്കുന്ന ശത്രുക്കൾ അവിടെ ഉണ്ട് എന്നദ്ദേഹത്തിനറിയാമായിരുന്നു (നെഹെ. 2:10). ദൈവത്തിന്റെ വേലയ്ക്കായി ഒരു ഭാരം ഇല്ലാത്ത ആളുകളെ ഒരുമിച്ചു കൂട്ടുന്നതിൽ ഒരു പ്രയോജനവുമില്ലെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. അതുകൊണ്ട് അദ്ദേഹം വളരെക്കുറച്ചു പേരുമായി പോയി മതിലുകളും വാതിലുകളും പരിശോധിച്ചു.

നെഹെമ്യാവ് ഒരു വലിയ സംഘാടകനും ആളുകളെ ഉത്സാഹിപ്പിക്കാൻ കഴിവുള്ള ഒരാളും ആയിരുന്നു. ആളുകൾ അദ്ദേഹത്തോടൊപ്പം സന്തോഷത്തോടെ വേല ചെയ്തു. കാരണം അദ്ദേഹം തന്നെ പണി ചെയ്തിരുന്നു. ഈ തരത്തിലുള്ള നേതാവിനെയാണ് ദൈവത്തിന് ഇന്നാവശ്യം - ഉപവസിച്ചു പ്രാർത്ഥിക്കുന്ന, ദൈവനാമത്തിനുവേണ്ടി കരുതലുള്ള, ദൈവത്തിനു വേണ്ടി പണി ചെയ്യുവാൻ ആളുകളെ

സംഘടിപ്പിക്കുന്നതിലും ഉത്സാഹിപ്പിക്കുന്നതിലും കഴിവുള്ള, അതേസമയം തന്റെ സ്വന്തം കൈകൾക്കൊണ്ട് വേല ചെയ്യുന്ന ഒരുവൻ.

നെഹ. 5:1-13ൽ നാം കാണുന്നത് അവരുടെ ഇടയിൽ ഉള്ള ദരിദ്രരും പീഡിതരുമായവരോടും കടക്കെണിയിൽ ആയവരോടുമുള്ള നെഹമ്യാവിന്റെ വലിയ കരുതൽ ആണ്. അദ്ദേഹം അവർക്കു കടം കൊടുത്തവരോട് സംസാരിക്കുകയും അവരെ എല്ലാവരെയും അവരുടെ കടബാധ്യതയിൽ നിന്ന് വിമുക്തരാക്കുകയും ചെയ്തു. അദ്ദേഹം കഠിനമായി അദ്ധ്വാനിക്കുകയും 150 യഹൂദന്മാർക്കും മറ്റു രാജ്യങ്ങളിൽ നിന്നുള്ള അനേകർക്കും തന്റെ മേശയിൽ ദിവസംതോറും ഭക്ഷണം കൊടുക്കുകയും ചെയ്തിട്ടുപോലും, ആ പ്രദേശത്തെ ദേശാധിപതി എന്ന നിലയിൽ തനിക്ക് എടുക്കാമായിരുന്ന പണം ഒന്നും എടുത്തില്ല. ഈ കാര്യത്തിൽ നെഹെമ്യാവിന്റെ അത്ഭുതകരമായ ഒരു മാതൃകയാണ് 18-ാം വാക്യത്തിൽ നാം കാണുന്നത്. നോഹയെയും പൌലൊസിനെയും പോലെ തന്റെ സ്വന്തം ചെലവിൽ ദൈവത്തെ സേവിച്ച, ആതിഥ്യമര്യാദയുള്ള ഒരുവനായിരുന്നു അദ്ദേഹം. മതിൽ പണിയുന്നതിനു വേണ്ടി തനിക്കു ലഭ്യമായിരുന്ന മുഴുവൻ പണവും ഉപയോഗിച്ചു. ദൈവത്തിന്റെ വേലയ്ക്കു ഉപയോഗിക്കേണ്ടിയിരുന്ന ഒരു പണവും തന്റെ സ്വന്ത ആവശ്യത്തിനായി ഒരു തരത്തിലും ഉപയോഗിക്കാതിരുന്ന മഹാത്യാഗിയായി ജീവിച്ച ഒരുവനാണിവിടെയുള്ളത്. പണത്തോട് വിശ്വസ്തനായ ഒരു വേലക്കാരനെ ദൈവം എവിടെയെല്ലാം കാണുന്നോ അവിടെയെല്ലാം അവനെ ഉപയോഗിക്കുന്നതിൽ ദൈവത്തിന് ഒരു പരിമിതിയുമുണ്ടായിരിക്കുകയില്ല. ദൈവം തന്റെ അനേക വേലക്കാരെ കൈവെടിഞ്ഞു. കാരണം അവർ തങ്ങളുടെ സഹോദരന്മാരെ സാമ്പത്തികമായി മുതലെടുക്കുന്നതായി അവിടുന്നു കണ്ടു.

ഒൻപതാം അദ്ധ്യായത്തിൽ ദൈവം നെഹെമ്യാവിലൂടെ ചെയ്തതെന്താണെന്ന് നാം വായിക്കുന്നു. ആ അദ്ധ്യായം തുടങ്ങുന്നത് യിസ്രായേല്യർ ഉപവസിക്കുകയും പ്രാർത്ഥിക്കുകയും തങ്ങളുടെ പാപങ്ങൾ ഏറ്റുപറയുകയും തങ്ങളെത്തന്നെ ജാതികളിൽ നിന്ന് വേർതിരിക്കുകയും ചെയ്യുന്നതോടു കൂടെയാണ് (വാ. 1,2). അതിനുശേഷം അവർക്കു മൂന്നു മണിക്കൂർ നേരം വേദപുസ്തക പഠനവും, മൂന്നു മണിക്കൂർ നേരം കർത്താവിനെ സ്തുതിക്കുന്നതും, തങ്ങളുടെ പാപങ്ങൾ ഏറ്റുപറയുന്നതും ഉണ്ടായിരുന്നു. എല്ലായിടത്തും വീണ്ടും ഒരുണർവ്വ് ഉണ്ടാകുകയായിരുന്നു (വാ. 3:3). അപ്പോൾ ലേവ്യർ എഴുന്നേറ്റ് നിന്നു തങ്ങളുടെ ദൈവത്തോട് ഉറക്കെ നിലവിളിച്ചു. (വാ.4). ആറാം വാക്യം മുതൽ മുപ്പത്തി ഒന്നാം വാക്യം വരെ മുഴുവൻ വേദപുസ്തകത്തിലും രേഖപ്പെടുത്തിയിട്ടുള്ളതിൽ വച്ച് ഏറ്റവും നീണ്ട പ്രാർത്ഥനയാണ് നമുക്കുള്ളത്. അതിനുശേഷം ലേവ്യർ അബ്രഹാമിന്റെ സമയം മുതലുള്ള യിസ്രയേലിന്റെ ചരിത്രം മരുഭൂമിയിൽ ഉഴന്നു നടന്ന 40 വർഷങ്ങളിലും, ന്യായാധിപന്മാരുടെയും രാജാക്കന്മാരുടെയും കാലഘട്ടങ്ങളിലും തങ്ങൾക്കുണ്ടായ പരാജയങ്ങൾ എന്നിവ വിവരിക്കുകയും ദൈവം അയച്ച ഓരോ ന്യായവിധിയും നീതിയുള്ളവയും ശരിയായവയും ആയിരുന്നു എന്ന് സമ്മതിക്കുകയും ചെയ്തു. അവർ അനുതപിക്കുകയും ദൈവത്തിന്റെ മുമ്പാകെ ഒരുടമ്പടി ഒപ്പു വയ്ക്കുകയും ചെയ്തു. അതിൽ ഒന്നാമതായി ഒപ്പു വച്ചിരുന്നത് നെഹെമ്യാവ് ആയിരുന്നു (നെഹെ. 10:1). പന്ത്രണ്ടാം അദ്ധ്യായത്തിൽ നെഹമ്യാവ് എപ്രകാരണാണ് വാതിൽ സംരക്ഷിക്കുന്നതിനുള്ള ആളുകളെയും, സ്തോത്രഗാനങ്ങൾ നയിക്കാൻ ചുമതലയുള്ളവരെയും സംഘടിപ്പിച്ചത് എന്നു നാം വായിക്കുന്നു. ബാബിലോണിൽ നിന്ന് യെരുശലേമിലേക്കുള്ള ദൈവജനത്തിന്റെ പ്രയാണത്തിൽ ഉപവാസത്തിനും, പ്രാർത്ഥനയ്ക്കും, പാപങ്ങളുടെ ഏറ്റുപറച്ചിലിനും അനേക മണിക്കൂറുകളുടെ വേദപുസ്തക പഠനത്തിനും നീണ്ട യോഗങ്ങൾക്കും ദൈവത്തെ വളരെ സ്തുതിക്കുന്നതിനും ആരാധിക്കുന്നതിനും ഒക്കെ നൽകിയിരിക്കുന്ന ഊന്നൽ ശ്രദ്ധിക്കുക.

പതിമൂന്നാം അദ്ധ്യായത്തിൽ നാം കാണുന്നത് ദൈവത്തിന്റെ ആലയത്തിലെ വിശുദ്ധിയുടെ കാര്യത്തിൽ നെഹെമ്യാവിന്റെ എരിവാണ്. അദ്ദേഹം ദേവാലയത്തിലേക്ക് ചെന്ന് യേശു യെരുശലേം ദൈവാലയത്തെ ശുദ്ധീകരിച്ചപ്പോൾ ചെയ്തതിനോടു സമാനമായ ചില കാര്യങ്ങൾ അവിടെ ചെയ്തു. ജനങ്ങൾ തങ്ങളുടെ മാനസാന്തരപ്പെടാത്ത ബന്ധുക്കളെ ദേവാലയത്തിൽ താമസിക്കാൻ അനുവദിച്ചിരുന്നു. പുരോഹിതനായ ഏല്യാശീബ്, തോബിയാവിന്റെ ഒരു ബന്ധുവായിരുന്നു (നെഹെ. 13:4). അതിനാൽ തോബിയാവിന് ഒരു വലിയ മുറി ഒരുക്കികൊടുത്തിരുന്നു. നെഹെമ്യാവ് അവരെ എല്ലാം പുറത്താക്കി. അദ്ദേഹം തോബിയാവിന്റെറ വീട്ടുപകരണങ്ങളെല്ലാം മുറിയിൽ നിന്ന് പുറത്തേക്കെറിഞ്ഞു. അതിനുശേഷം ദേവാലയം ശുദ്ധീകരിച്ചു (വാ.8). അനെകം ആളുകൾ ശബ്ബത്തിൽ വിവിധ സാധനങ്ങൾ വിറ്റു പണം ഉണ്ടാക്കുന്നതും

അദ്ദേഹം ശ്രദ്ധിച്ചു (വാ.15). അദ്ദേഹം അവരെ ശാസിക്കുകയും, മുന്നറിയിപ്പു നൽകുകയും, അവർക്കെതിരെ ബലം പ്രയോഗിക്കുമെന്നു പോലും ഭീഷണിപ്പെടുത്തുകയും ചെയ്തു (വാ. 21). ജനങ്ങൾ ദൈവത്തെ ഭയപ്പെടുന്നില്ലെങ്കിൽ അവർ ഒരു ദൈവമനുഷ്യനെ ഭയപ്പെടണം. ചില യഹൂദന്മാർ യഹൂദരല്ലാത്ത സ്ത്രീകളെ വിവാഹം കഴിച്ചിട്ടുള്ളതായി അദ്ദേഹം കണ്ടുപിടിച്ചു. നെഹമ്യാവ് അവരെ ശാസിച്ച്, അവരുടെ മേൽ ശാപം ചൊരിഞ്ഞു. ചിലരെ അടിച്ചിട്ട് അവരുടെ തലമുടിയും താടിയും പറിച്ചു. അനന്തരം അവരുടെ മക്കളെ യഹുദന്മാരല്ലാത്തവർക്കക് ഇനി വിവാഹത്തിന് കൊടുക്കയില്ല എന്ന് അവരൊക്കെണ്ട് ശപഥം ചെയ്യിച്ചു'' (വാ.25). അങ്ങനെ നെഹമ്യാവ് പൌരോഹിത്യത്തെ മുഖപക്ഷം കൂടാതെ ശുദ്ധീകരിച്ചു. പുരോഹിതന്മാർക്കു താന്താന്റെ വേലയിൽ ശുശ്രൂഷാ ക്രമം നൽകി. അതതു സമയങ്ങളിൽ യാഗത്തിനു വേണ്ടുന്ന വിറകു നൽകുന്നതുപോലെയുള്ള ഏറ്റവും ചെറിയ കാര്യങ്ങളിലേക്കും ഇറങ്ങിച്ചെന്ന് അതിനുവേണ്ടിയും ക്രമീകരണവും അദ്ദേഹം ചെയ്തു (വാ. 30,31).